# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1795 16.06.2014-ൽ മറുപടിയ്ക്ക്

**സൈബർ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സൈബർ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം സാങ്കേതിക വിദ്യകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ, മൊബൈൽ ഫോണുകൾ തുടങ്ങി സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ച് വരുന്ന ഉപകരണങ്ങളും മറ്റും പരിശോധിച്ച് തെളിവുകൾ ശേഖരിക്കുന്നതിനു വേണ്ടിയുള്ള ഹാർഡ്‌വെയറും/സോഫ്റ്റ് വെയറും പോലീസ് വകുപ്പിൽ സജ്ജീകരിച്ചിട്ടുണ്ട്. അവ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക പരിശീലനവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | വിദേശത്ത് വച്ച് സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഉള്ളത്; | (ബി) | ഇന്ത്യയുമായി Mutual Legal Assistance Treaty- ൽ ഏർപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ നിന്നും ഇത്തരം കുറ്റകൃത്യങ്ങളെ കുറിച്ചുള്ള തെളിവുകൾ ശേഖരിക്കുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |
| (സി) | സൈബർ നിയമം കൂടുതൽ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സൈബർ നിയമം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ളതല്ല. വിവരസാങ്കേതിക വിദ്യയുടെ വളർച്ച കണക്കിലെടുത്ത് കേന്ദ്ര ഐ.ടി.നിയമത്തിന്റെ പരിധിയിൽ വരുന്ന ടി നിയമം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ